■ ലേഖനം

ഡോ. എ.എ ഹലീം

# അയോധ്യയിൽനിന്ന് ഗുജറാത്ത് വഴി.....

ഒരു ഡിസംബർ ആറ് കൂടി കടന്നുപോയി. സവർണ ഫാഷിസത്തിന്റെ ഏറ്റവും ഭീകരമായ ആ കടന്നാക്രമണം അരങ്ങേറിയിട്ട് ഒന്നരപതിറ്റാണ്ട് തികഞ്ഞു. മാനവിക വിരുദ്ധമായ സ്മൃതി പാരമ്പര്യങ്ങളാൽ ഉന്മത്തരായ ഒരാൾക്കൂട്ടം, 421 വർഷം ഇന്ത്യയിലെ പ്രബല ന്യൂനപക്ഷം ആരാധന നിർവഹിച്ചുപോന്ന ബാബരി മസ്ജിദ് 1992 ഡിസംബർ 6-നാണ് തകർത്ത് തരിപ്പണമാക്കിയത്. ദേശീയതയുടെയും ജനാധിപത്യത്തിന്റെയും പുറം ചട്ടയണിഞ്ഞ ഫാഷിസ്റ്റു ശക്തികൾ ഏത് വിധ്വംസക പ്രവർത്തനത്തിനും തയാറാകുമെന്ന് അതോടെ വ്യക്തമായി. ആ ഭീകരകൃത്യത്തിന്റെ ഉത്തരവാദിത്വമേൽക്കാൻ അവർക്കു തന്നെ തുടക്കത്തിൽ മടിയുണ്ടായി എന്നത് ബാബരി മസ്ജിദിന്റെ തകർച്ച രാഷ്ട്ര ഗാത്രത്തിനേൽപിച്ച മുറിവിന്റെ ആഴം വെളിപ്പെടുത്തുന്നു. ഇന്ത്യൻ ഫാഷിസം തങ്ങളുടെ ലക്ഷ്യസാക്ഷാൽക്കാരത്തിനായി അവലംബിക്കുന്ന കുടിലതന്ത്രങ്ങൾ എത്ര ബീഭത്സമാണെന്നും ലോകത്തിന് ബോധ്യമായ സന്ദർഭം കൂടിയായിരുന്നു അത്.

ഇന്ത്യയുടെ സാംസ്കാരിക ചരിത്രത്തിൽ എക്കാലത്തും നിർണായക പങ്കുവഹിച്ചുപോന്ന പ്രധാന ജനവിഭാഗമാണ് മുസ്‌ലിംകൾ. അവരോട് ഇന്ത്യയിലെ അധീശവർഗത്തിനുള്ള വിരോധം രഹസ്യമല്ല. നൂറ്റാണ്ടുകളായി ജാതി പീഡനവും സാമൂഹികമായ ഉച്ചനീചത്വവും കാരണമായി ജീവിതം വഴിമുട്ടിയ ജനകോടികൾക്ക് ആശ്വാസമായി ഭവിച്ചത് ഇസ്‌ലാം മുന്നോട്ട് വെച്ച സാമൂഹിക നീതിയായിരുന്നു. സവർണരുടെ മനുഷ്യവിരുദ്ധവും ഹീനവുമായ ജാതിക്കോട്ടകൾക്കു നേരെ ഏറ്റവും വലിയ വെല്ലുവിളി ഉയർത്തിയതാണ് ഇസ്‌ലാമും മുസ്‌ലിം സമൂഹവും ചെയ്ത 'ചരിത്രപരമായ അപരാധം.' അതിന് പകരം വീട്ടാൻ പടക്കിറങ്ങിയവരുടെ പിന്മുറക്കാരാണ് ബാബരി പള്ളിപൊളിക്കാൻ നേതൃത്വം നൽകിയത്.

### മുസ്‌ലിംവിരോധത്തിന്റെ പ്രത്യയശാസ്ത്രം

മസ്ജിദിന്റെ തകർച്ചക്കു കളമൊരുക്കുന്നതിനു മുമ്പുതന്നെ മുസ്‌ലിംവിരോധത്തിന്റെ പ്രത്യയശാസ്ത്രം രൂപപ്പെടുത്തുന്നതിൽ സംഘ്പരിവാർ പ്രഭൃതികൾ വളരെയേറെ മുന്നോട്ട് പോയിരുന്നു. തെറ്റായ അവകാശവാദങ്ങളും വ്യാജ ഇമേജുകളും സൃഷ്ടിച്ചുകൊണ്ട് പ്രചണ്ഡമായ പ്രചാരവേലകളിലൂടെ പരിവാർ ബുദ്ധിജീവികൾ രംഗം കൈയടക്കിയിരുന്നു. 'ഹൈന്ദവത' അവയുടെയൊക്കെ കപട മുഖാവരണമായി. ചരിത്ര വിരുദ്ധവും അന്യായവുമായ ഒട്ടേറെ അബദ്ധധാരണകൾക്ക് അതുവഴി വിപണി ലഭ്യമായി. ഇതിഹാസ കഥാപാത്രമായ രാമൻ നൂറു കോടി ഇന്ത്യക്കാരുടെ പ്രതീകമായി അവതരിപ്പിക്കപ്പെട്ടത് അങ്ങനെയാണ്.

ഇന്ത്യയുടെ അതിർത്തി സംസ്ഥാനങ്ങളിൽ അധിവസിക്കുന്ന അസംഖ്യം ഗോത്ര ജനവിഭാഗങ്ങൾക്ക് രാമൻ തീർത്തും അപരിചിതനാണ്. രാവണനെ ഉത്തമപുരുഷനും രാമനെ വികടനുമായി കണക്കാക്കുന്ന നിരവധി ഗോത്രങ്ങൾ ഇന്നും ഇന്ത്യയുടെ പലഭാഗങ്ങളിലുമുണ്ട്. രാവണ പാരമ്പര്യത്തെ അപഹസിക്കാൻ രാമഭക്തർ ശ്രമിച്ചത് സംഘർഷത്തിന് കാരണമായത് മുമ്പ് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഐതിഹ്യപരമായ ഇത്തരം ഉൾപിരിവുകൾ നിലനിൽക്കുന്ന ഒരു രാജ്യത്ത് രാമനെ ദേശീയ പ്രതീകമാക്കുന്നതിലെ മൗഢ്യം വളരെ വ്യക്തമാണ്.

ഇന്ത്യയിലേക്കു കടന്നുകയറി ഉത്തരേന്ത്യയിലെ ഗംഗാ സമതലത്തിൽ വാസമുറപ്പിച്ച സംസ്കൃത ഭാഷക്കാരായിരുന്നു ആര്യന്മാർ. അവരുടെ ഒരു ചെറുകാവ്യം മാത്രമായിരുന്നു 'രാമായണം.' തുടക്കത്തിൽ അതിന് മതപരമോ അനുഷ്ഠാനപരമോ ആയ എന്തെങ്കിലും പ്രാധാന്യം ഉണ്ടായിരുന്നതായി കാണുന്നില്ല. വേദങ്ങൾക്കും ഇതിഹാസങ്ങൾക്കും സമാനമായ പരിഗണനയും ലഭിച്ചിരുന്നില്ല. ഒരു പരദേശി ഗോത്ര ജനവിഭാഗത്തി

ന്റെ വായ്പാട്ടുകളിലെ കേവല കഥാപാത്രമായിരുന്ന രാമൻ, അതുകൊണ്ടുതന്നെ വിഭിന്ന ആചാരങ്ങളും സ്വത്വസവിശേഷതകളുമുള്ള ജനങ്ങളധിവസിക്കുന്ന ഒരു മഹാരാജ്യത്തിന്റെ ദേശീയ പ്രതീകം ആയി അവതരിപ്പിക്കപ്പെടുന്നതിലെ അസാംഗത്യം വ്യക്തമാണ്. ബഹുഭൂരിപക്ഷത്തെ കാൽക്കീഴിലാക്കാൻ ന്യൂനപക്ഷം വരുന്ന അധീശവർഗം എല്ലാകാലത്തും പയറ്റിപ്പോന്ന തന്ത്രം തന്നെയാണിത്. ഭാവനയെയും മിത്തുകളെയും ചരിത്ര യാഥാർഥ്യങ്ങളായി അവതരിപ്പിക്കാനും ചരിത്ര സത്യങ്ങളെ തമസ്കരിക്കാനുമുള്ള ഫാഷിസ്റ്റുകളുടെ കൗശലമാണ് ഇവിടെ പ്രകടമാവുന്നത്. അങ്ങനെയവർ രാഷ്ട്രീയത്തിൽ പിടിമുറുക്കാൻ രാമനെ 'പ്രയോജന'പ്പെടുത്തി. തങ്ങളുടെ ആസൂത്രിത പദ്ധതികൾ ഒന്നൊന്നായി നടപ്പാക്കുന്നതിന്റെ നിർണായക വഴിത്തിരിവായിരുന്നു ബാബരി മസ്ജിദിനു മേലുള്ള കടന്നാക്രമണം.

ആദിമ ജനവിഭാഗങ്ങളുടെ ആരാധനാലയങ്ങൾ കൈവശപ്പെടുത്തുകയെന്നത് എക്കാലത്തെയും സവർണ രീതിയായിരുന്നു. ബ്രാഹ്മണ്യത്തിന്റെയും വൈദിക മതങ്ങളുടെയും ചൂഷണത്തിനെതിരെ ശബ്ദമുയർത്തി രംഗത്തുവന്ന് ദക്ഷിണേന്ത്യയിൽ വലിയൊരു ജനവിഭാഗത്തെ ആകർഷിച്ച ബുദ്ധമതവും അതിന്റെ അനുയായികളും അവർ പണിതീർത്ത കൂറ്റൻ വിഹാരങ്ങളും ഇന്നെവിടെയാണെന്ന ചോദ്യം പ്രസക്തമാണ്. സമാന ലക്ഷ്യങ്ങളോടെ സാമൂഹിക മുന്നേറ്റം സൃഷ്ടിച്ച ജൈനപാരമ്പര്യത്തിനും അവരുടെ ആരാധനാ മന്ദിരങ്ങൾക്കും എന്തു സംഭവിച്ചു? അവയെല്ലാം സവർണ നിയന്ത്രിത ക്ഷേത്രങ്ങളായി മാറ്റപ്പെട്ടുവെന്നതാണ് ചരിത്ര സത്യം. ഇതേ ഉന്മൂലന പ്രക്രിയയുടെ അടയാളങ്ങൾ തന്നെയാണ് ബാബരി മസ്ജിദിന്റെ തകർച്ചക്കു പിന്നിലും കാണാൻ കഴിയുന്നത്.

## 2002-ൽ ഗുജറാത്ത്

1992-ൽ ബാബരി മസ്ജിദ് തകർത്ത് പത്തുവർഷം പൂർത്തിയാകുമ്പോഴാണ് 2002-ൽ ഗുജറാത്തിൽ മുസ്‌ലിം വിരുദ്ധകലാപം അരങ്ങേറുന്നത്. ഇന്ത്യൻ ഫാഷിസത്തിന്റെ ഏറ്റവും ബീഭത്സവും ക്രൂരവുമായ മുഖമാണ് 2002-ൽ ഗുജറാത്തിൽ കണ്ടത്. പരിഷ്കൃത സമൂഹത്തിന് സങ്കൽപിക്കാൻ പോലും സാധ്യമാകാത്തത്ര കിരാതവും നികൃഷ്ടവുമായിരുന്നു സംഘ്പരിവാർ പ്രഭൃതികളുടെ അഴിഞ്ഞാട്ടം. മുസ്‌ലിംകളുടെ മേൽ ആരോപിക്കപ്പെട്ട ഗോധ്രാ തീവണ്ടി ദുരന്തം തന്നെ കലാപത്തിന് കളമൊരുക്കാനായി മനഃപൂർവം കെട്ടിച്ചമച്ചതാണെന്ന നിരീക്ഷണം ശക്തമായി നിലനിൽക്കുന്നുണ്ട്. സാഹചര്യത്തെളിവുകൾ അതിനെ ബലപ്പെടുത്തുകയും ചെയ്യുന്നു. ആസൂത്രിതമായ വംശഹത്യക്ക് നേതൃത്വം നൽകാൻ നേരിട്ടിറങ്ങിയത് ഒരു സംസ്ഥാനം ഭരിക്കുന്ന മുഖ്യമന്ത്രിയും അയാളുടെ പോലീസും തന്നെയായിരുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ കടപ്പെട്ടവർതന്നെ അവരെ ചുട്ടുകൊല്ലാനും സ്വത്ത് കവർന്നെടുക്കാനും ഓടിനടക്കുന്ന കാഴ്ച! സ്വാതന്ത്ര്യത്തിന് മുമ്പും പിമ്പുമായി രാജ്യത്ത് നടന്ന നിരവധി കലാപങ്ങളിൽനിന്ന് ഗുജറാത്ത് വംശഹത്യയെ വ്യത്യസ്തമാക്കുന്ന ഘടകമാണിത്. അതുകൊണ്ടു തന്നെയാണ് മതേതര ഇന്ത്യയുടെ അസ്തിവാരം തകർത്ത നടപടിയായി ഗുജറാത്ത് കലാപം വിലയിരുത്തപ്പെട്ടത്. ബാബരി ദുരന്തത്തിനു ശേഷം രാജ്യം നേരിട്ട ഏറ്റവും ഗുരുതരവും പ്രക്ഷുബ്ധവുമായ സാഹചര്യം, ജനാധിപത്യസംവിധാനവും നിയമവാഴ്ചയും വെല്ലുവിളിക്കപ്പെട്ട സന്ദർഭം എന്നെല്ലാം ഗുജറാത്ത് സംഭവങ്ങൾ ചിത്രീകരിക്കപ്പെട്ടു. എന്നിട്ടും അക്രമികളും കൊലപാതകികളും യാതൊരു പോറലുമേൽക്കാതെ സ്വതന്ത്രരായി വിഹരിക്കുന്നു!

## പുതിയ വെളിപ്പെടുത്തലുകൾ

ഗുജറാത്ത് വംശഹത്യയെക്കുറിച്ച പുതിയ വെളിപ്പെടുത്തലുകൾ ഇപ്പോൾ പുറത്തു വന്നിരിക്കുന്നു. കൊലയും അക്രമവും ചെയ്തവർ തന്നെ അതേറ്റുപറഞ്ഞപ്പോൾ നാട് നടുങ്ങി. കലാപത്തിന് നേതൃത്വം നൽകിയവരെക്കുറിച്ച വിവരങ്ങൾ 'തെഹൽക'യാണ് പുറത്തുകൊണ്ടുവന്നത്. ജീവൻപോലും പണയപ്പെടുത്തി, അത്യന്തം സാഹസികമായി തെളിവുകൾ പുറത്തുകൊണ്ടുവന്നിട്ടും ഭരണതലത്തിലും പൊതുസമൂഹത്തിലും തുടരുന്ന നിസ്സംഗത ഭീതിജനകമാണ്. ഇക്കാര്യത്തിൽ ഭരണകൂടവും നീതിപീഠവും പുലർത്തുന്ന കടുത്ത മൗനം ന്യൂനപക്ഷങ്ങളിൽ അരക്ഷിതബോധം വർധിപ്പിക്കുന്നു. ഈ നിശ്ശബ്ദതയുടെ അർഥവും ആഴവും വിശകലനം ചെയ്യാൻ മതേതര സമൂഹം ബാധ്യസ്ഥമല്ലേ?

തങ്ങൾക്ക് ചെയ്യാൻ കഴിയുന്നത് ചെയ്യാൻ ഉത്തരവാദപ്പെട്ടവർ തയാറാകാത്ത സാഹചര്യം എന്തുമാത്രം ഭീതിജനകമാണ്! ബോംബെ സ്ഫോടന പരമ്പരയുടെയും കോയമ്പത്തൂർ ബോംബ് സ്ഫോടന കേസിന്റെയും കാര്യത്തിൽ കാണിച്ച ശുഷ്കാന്തി ബാബരി കേസിന്റെയും ഗുജറാത്ത് കലാപത്തിന്റെയും കാര്യത്തിൽ എന്തുകൊണ്ട് ഉണ്ടാകുന്നില്ല? മനുഷ്യമനസ്സിനെ മരവിപ്പിക്കുന്ന തരത്തിലുള്ള ക്രൂരകൃത്യങ്ങൾ ചെയ്യുകയും വളരെ അഭിമാനത്തോടെ അതേറ്റുപറയുകയും ചെയ്തവരെ കൈയാമം വച്ച് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ എന്താണ് തടസ്സം?

കലാപാനന്തരമുള്ള ഗുജറാത്തിൽ നിന്നു പുറത്തുവരുന്ന വാർത്തകളും ഒട്ടും സുഖകരമല്ല. കലാപവേളയിൽ സ്വന്തം വീടുപേക്ഷിച്ച് പോയവരിൽ നല്ലൊരു വിഭാഗത്തിന് ഇനിയും മടങ്ങിയെത്താനായിട്ടില്ല. സുപ്രീംകോടതിയും മനുഷ്യാവകാശ കമീഷനും ഒക്കെ ഇടപെട്ടിട്ടും ക്യാമ്പുകളിൽ കഴിയുന്നവരുടെ സ്ഥിതി പരമദയനീയമായി തുടരുന്നു. മതേതര ഇന്ത്യക്ക് മായ്ച്ചുകളയാനാകാത്ത നാണക്കേടായി അത് നീറിക്കൊണ്ടിരിക്കുന്നു. നരേന്ദ്രമോഡിയെ പിരിച്ചുവിട്ട് രാഷ്ട്രപതി ഭരണം ഏർപ്പെടുത്താൻ മാത്രം ഗുരുതരമാണ് ഗുജറാത്തിലെ സ്ഥിതിവിശേഷം. എന്നിട്ടും നിസ്സംഗത ബാക്കി. ഇതിനെതിരെ പൊതുമനസ്സാക്ഷി ഉണരേണ്ട സന്ദർഭമാണിത്.

## ഇരകൾ മറക്കുന്നില്ല

ബാബരി മസ്ജിദിന്റെ തകർച്ചയെ തുടർന്ന് രാജ്യത്തുണ്ടായ പ്രതിഷേധാഗ്നി വളരെ വ്യാപകമായിരുന്നു. മതേതര സമൂഹത്തിന്റെ പ്രതികരണം ഏറെ ആശാവഹമായിരുന്നുവെന്ന കാര്യം മറന്നുകൂടാ. പള്ളി പുനർനിർമിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചത് ആ പശ്ചാത്തലത്തിലാണ്. എന്നാൽ, ക്രമേണ എല്ലാം കെട്ടടങ്ങി. പള്ളി പുനർനിർമാണം വാഗ്ദാനത്തിലൊതുങ്ങി. പൊതുസമൂഹം അക്കാര്യം മറന്നു. മുറിവേറ്റ സമുദായത്തിന്റെ വേദനകൾ മാത്രം ബാക്കിയായി.

ഗുജറാത്ത് കലാപത്തെ തുടർന്ന് സമാനമായ പ്രതികരണങ്ങളും പ്രതിഷേധങ്ങളുമുണ്ടായി. കാലപ്പഴക്കം ഗുജറാത്ത് വംശഹത്യയെയും വിസ്മൃതിയിലാക്കി. എന്നാൽ കലാപത്തിന്റെ ഇരകൾക്കും അവരെ ഉൾക്കൊള്ളുന്ന സമുദായത്തിനും ഗുജറാത്ത് പെട്ടെന്നൊന്നും മറക്കാനാവില്ല. അതിനിടക്കാണ് പുതിയ വെളിപ്പെടുത്തലുകൾ. അവ വേണ്ടത്ര ചർച്ചയാകാത്ത സാഹചര്യം കണാതിരുന്നുകൂടാ.

## ഫാഷിസത്തെ പ്രതിരോധിക്കുക

ഫാഷിസം അതിന്റെ ഉള്ളടക്കത്തിൽതന്നെ മനുഷ്യവിരുദ്ധവും പ്രതിലോമപരവുമാണ്. മറ്റുള്ളവരെ കാടന്മാരായി കാണുന്ന പാശ്ചാത്യവംശമേധാവിത്വ മനഃസ്ഥിതിക്കാരും ദൈവത്തിന്റെ സ്വന്തം ജനതയായി തങ്ങളെ സ്വയം കരുതുന്ന സയണിസ്റ്റുകളും അന്യജനവിഭാഗങ്ങളെ മ്ലേഛരായി കാണുന്ന ഇന്ത്യൻ ഫാഷിസ്റ്റുകളും ഒരേതൂവൽ പക്ഷികളാ

ണ്. അവർ തമ്മിലുള്ള അവിശുദ്ധ ബന്ധങ്ങളും കൊള്ളക്കൊടുക്കകളും വ്യക്തമാക്കുന്ന തെളിവുകളും സുലഭം. ഇവരെല്ലാം ചേർന്ന് മുന്നണിയാവുന്ന വർത്തമാന കാല യാഥാർഥ്യത്തിനു നാം സാക്ഷികളാണ്. മനുഷ്യരെ ഒന്നായി കാണുന്ന വിമോചന പ്രത്യയശാസ്ത്രങ്ങളും ദർശനങ്ങളും ഇവരുടെ ശത്രുതക്ക് പാത്രമാകുന്നതും സ്വാഭാവികം. ഇന്ത്യ എന്ന രാജ്യം അതിന്റെ ബഹുസ്വരതയിൽ നിലനിൽക്കണമെങ്കിൽ ഈ മണ്ണിൽ വേരൂന്നി പടർന്നുകയറാൻ ശ്രമിക്കുന്ന ഫാഷിസ്റ്റ് തന്ത്രങ്ങൾക്ക് തടയിട്ടേ മതിയാകൂ! സമൂഹത്തിൽ സ്വാധീനം നേടിയിട്ടുള്ള മുഴുവൻ ഫാഷിസ്റ്റു പ്രവണതകൾക്കുമെതിരെ സമരനിര കെട്ടിപ്പടുക്കുകയെന്നതും സകലശക്തിയുമുപയോഗിച്ച് അവരെ നേരിടുകയെന്നതും ഇന്നിന്റെ ഏറ്റവും വലിയ ബാധ്യതയാണ്.

ഫാഷിസത്തിനനുകൂലമായ സാമൂഹിക പരിസരം സൃഷ്ടിച്ചെടുക്കാനുള്ള ശ്രമങ്ങൾ തിരിച്ചറിയപ്പെടുകയും അവയെ നിശിതമായ വിചാരണക്കു വിധേയമാക്കുകയും വേണം. ഫാഷിസത്തോടുള്ള സെക്യുലർ ഭരണകൂടത്തിന്റെ ഉദാസീനഭാവം വേണ്ടത്ര മുതലെടുത്തതിന്റെ ചരിത്രവും ഇന്ത്യയിലെ ഫാഷിസ്റ്റുകൾക്കുണ്ട്. പ്രശ്നം ഉടലെടുത്ത കാലത്ത് യു.പിയിലെ കോൺഗ്രസ് ഗവൺമെന്റ് സ്വീകരിച്ച ഹിന്ദുത്വാനുകൂല സമീപനം, 1989-ൽ തർക്കഭൂമിയിൽ ശിലാന്യാസമനുവദിച്ച രാജീവ് സർക്കാർ നടപടി, 2002-ലെ ഗുജറാത്ത് കലാപവേളയിൽ സ്വീകരിച്ച മൃദുഹിന്ദുത്വ സമീപനം, ഏറ്റവുമൊടുവിൽ സേതുസമുദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് സത്യവാങ്മൂലം പിൻവലിച്ച കേന്ദ്രസർക്കാർ നടപടി തുടങ്ങിയവ ഉദാഹരണം.

ഫാഷിസമെന്ന തിന്മയെ നേരിടാൻ സമാനമോ, അതിലും വലുതോ ആയ തിന്മയിലൂടെ സാധ്യമല്ല എന്ന കാര്യവും ശ്രദ്ധേയമത്രെ. ഫാഷിസത്തിനെതിരെ സങ്കുചിത ചിന്താഗതികൾക്കതീതമായ മാനവിക കൂട്ടായ്മയാണ് രൂപപ്പെടുത്തേണ്ടത്. ജാതിക്രമത്തിന് പുറത്തുള്ള ബഹുഭൂരിപക്ഷം വരുന്ന ജനതയെ ഫാഷിസ്റ്റ് വിരുദ്ധ ചേരിയിൽ അണിനിരത്തിക്കൊണ്ടേ ഇത് സാധ്യമാകൂ. ഡിസംബർ ആറിന്റെ ആലോചനാ പരിസരം അതിനാവശ്യമായ ബോധവൽക്കരണ യത്നങ്ങൾക്ക് പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്. ■